നമ്പർ.എഫ്1/107426/18

മുനിസിപ്പൽ കോർപ്പറേഷൻ ഓഫീസ്
കോഴിക്കോട്, തിയ്യതി. 07.06.2022

# അറിയിപ്പ്

വിഷയം:- കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ- ആരോഗ്യവിഭാഗം- ആശാവർക്കർ നിയമനം സംബന്ധിച്ച്.

............

കോഴിക്കോട് നഗരസഭയിലെ 63-ാം വാർഡിലേക്ക് 01 ആശാവർക്കറുടെ ഒഴിവിലേക്ക് നിയമനം നടത്തുന്നതിനായി നിശ്ചിത യോഗ്യതയുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷ സമർപ്പിക്കുന്നതിനുള്ള **അവസാന തിയ്യതി 2022 ജൂൺ 16-വൈകുന്നേരം 5 മണി.**

## യോഗ്യതകൾ:

1. അതത് പ്രദേശത്തെ താമസക്കാരും, വിവാഹിത / വിധവ /വിവാഹ മോചനം നേടിയവരോ ആയ 25 വയസ്സിനും 45 വയസ്സിനും ഇടയിൽ പ്രായമുള്ള വനിത ആയിരിക്കണം.

2. തികഞ്ഞ നേതൃത്വപാടവവും, മികച്ച ആശയവിനിയമ ശേഷിയും, സമൂഹത്തിലേക്ക് ഇറങ്ങിച്ചെന്ന് പ്രവർത്തിക്കാൻ കഴിയുന്നതും 10-ാം ക്ലാസ്സിൽ പാസ്സായവരും ആയിരിക്കണം.

3. നിലവിൽ 5 മൊഡ്യൂൾ പരിശീലനം പൂർത്തീകരിക്കുകയും പ്രവർത്തന ത്തിൽ നിന്ന് താൽക്കാലികമായി വിട്ടുനിൽക്കുന്നതുമായ യോഗ്യരായ ആശമാർക്ക് മുൻഗണന നൽകുന്നതാണ്.

4. അതത് പ്രദേശത്ത് സ്ഥിരതാമസമാണെന്നുള്ള ബന്ധപ്പെട്ട വാർഡ് കൗൺസിലറുടെ സാക്ഷ്യപത്രം അപേക്ഷയോടൊപ്പം ഹാജരാ ക്കേണ്ടതാണ്.

5. വിവാഹിത/വിധവ/വിവാഹമോചനം നേടിയവർ എന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ പകർപ്പ്, 10-ാം ക്ലാസ് പാസ്സായ സർട്ടിഫിക്കറ്റിന്റെ പകർപ്പ്, ആധാർകാർഡിന്റെ പകർപ്പ് എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കണം.

6. അപേക്ഷ ഉള്ളടക്കം ചെയ്ത കവറിന്റെ പുറത്ത് '**ആശാവർക്കർ നിയമനം**' എന്ന് രേഖപ്പെടുത്തി സമർപ്പിക്കേണ്ടതാണ്.

**ഹെൽത്ത് ഓഫീസർ**
കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ

ജി.എം.07.06.22